## കഥ / സെക്കൻഡ് വാട്സാപ്പ്

*സാർ, കവിത അയച്ചിട്ടുണ്ട്. ശ്രദ്ധിക്കുമല്ലോ..*
വാട്സാപ്പിൽ അയച്ച സന്ദേശത്തിന് നീല ടിക് വീഴാത്തത് കണ്ട് രാജീവ് ഒരു പുള്ളി കൂടി അയച്ചു. ഇങ്ങനെയെങ്കിലും ഒന്ന് റീഡ് ചെയ്താൽ ആശ്വാസമായി. ഒരു മണിക്കൂറിനിടയിൽ 30 തവണയെങ്കിലും വാട്സ്ആപ്പ് തുറന്നു നോക്കിയിട്ടുണ്ടാവണം. "മറുപടി വരും, വരാതിരിക്കില്ല" മന്ത്രം പോലെ മനസ്സിൽ ഉരു വിട്ടുകൊണ്ടിരുന്നു. ക്ഷമകെട്ട് അവസാനം വോയിസ് കോൾ ബട്ടൻ അമർത്തി. മറുതലക്കൽ റിംഗ് ചെയ്യുന്ന വാട്സ്ആപ്പ് പ്രൊഫൈലിലെ പുസ്തക ലോഗോയിലെ ചിരിക്കുന്ന ഇമോജി എന്തിനാണെന്ന് രാജീവിന് മനസ്സിലായില്ല. ഒന്നുകൂടെ കോൾ ചെയ്തു. മറുതലക്കൽ മറുപടി വന്നു.

*"നിങ്ങൾ അയച്ച കവിത ലഭിച്ചതിൽ സന്തോഷം അറിയിക്കുന്നു. രജിസ്ട്രേഷൻ ഫീ 1500 രൂപ ഗൂഗിൾ പേ ചെയ്തതിൻ്റെ സ്ക്രീൻഷോട്ട്, അഡ്രസ് അയക്കുമല്ലോ."*
മറുപടി വായിച്ചപ്പോൾ ഉള്ളിൽ കഷായം ചുവച്ചു.
*ഓ....... 1500 ഒക്കത്തില്ല..!*
വീണ്ടും ടെക്സ്റ്റ് മെസ്സേജ് അയച്ചു.
*" ഒന്നാം സമ്മാനം എത്രയാണ് ? ഇത്രയും ഭീമമായ തുക നൽകി കവിത അയക്കാൻ പ്രയാസമുണ്ട്."*
സ്നേഹം നിറച്ച ഇമോജിയോടെ മനോഹരവും ശാലീന സുന്ദരവുമായ ഒരു വോയിസ് ക്ലിപ്പ് മറുപടി വന്നു. ഒരു പെൺകൊടിയുടെ ശബ്ദം.

*"സർ, 50000 രൂപ ഒന്നാം സമ്മാനവും ലോഹവും ഇരുമ്പും ചേർത്ത് പിച്ചളമരത്തിൽ നിർമ്മിക്കുന്ന കാവ്യ ഫലകവും പ്രശസ്തർ ഒന്നിക്കുന്ന വേദിയിൽ വച്ച് നൽകും. കൂടാതെ ജൂറിപരാമർശം ലഭിക്കുന്ന രചനകൾക്ക് 10000 രൂപയുടെ പുസ്തകങ്ങളും ഉണ്ട്."*

റിപ്പീറ്റ് ചെയ്ത് കേട്ട വോയിസ് അയാളുടെ ഹൃദയത്തിൽ അനേകം കവിതകൾ വിരിയിച്ചു. ശരി എങ്കിൽ ചേർന്നേക്കാം. 1500 ഗൂഗിൾ പേ ചെയ്ത് അഡ്രസ്സും അയച്ചു കൊടുത്തു. പേര് സുമിത്ത് മിൻ, കവിതയുടെ പേര് : കാട്ടുകള്ളൻ്റെ ലീലാവിലാസങ്ങൾ അഡ്രസ്: ആകാശമിഠായി, പുറംചട്ട പി.ഒ, ബുക്കടയാളം ജില്ല. കൂടെ ഒരു ടെക്സ്റ്റ് മെസ്സേജും ചേർത്തു.

"നിങ്ങളെപ്പോലെയുള്ള സംഘാടകരാണ് ഞങ്ങളുടെ ഊർജ്ജം. ഹൃദയം നിറഞ്ഞ നന്ദി".
സംഘാടകസമിതിയുടെ ഹൃദയം നിറഞ്ഞ് കവിഞ്ഞൊഴുകുന്ന മറുപടി വരാൻ അയാളുടെ ഹൃദയം വിങ്ങി.

"സർ, മഹത്തായ സാഹിത്യ സാംസ്കാരിക പ്രവർത്തനത്തിൽ ഈ രാജ്യത്തോടൊപ്പം നിൽക്കാൻ ആയതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യം ഉണ്ട്. ഇതിനോടകം 15 കവിത-കഥ ചടങ്ങുകൾ, നാടകങ്ങൾ ഞങ്ങൾ സംഘടിപ്പിച്ചു......"
മുഴുവൻ വായിക്കാൻ നിൽക്കാതെ രാജീവ് പെട്ടെന്ന് തന്നെ വാട്സാപ്പിൽ നിന്നിറങ്ങി ഒറിജിനൽ വാട്സ്ആപ്പ് ഓപ്പൺ ചെയ്തു. നിറഞ്ഞുകവിഞ്ഞു നിൽക്കുന്ന കവിനിലയം, പുരോഗമനവലയം, വ്യാഴച്ചന്തം, വെള്ളിവെളിച്ചം, എൻറെ കഥകളുടെ പുറം ചട്ടകൾ, യുവകൂട്ടായ്മ, ഒറ്റമരത്തണലിലെ ചുറ്റിക്കളികൾ, പേനയും കടലാസും, കടലാസുപെൻസിലിന്റെ നടുവിലെ വട്ടം, മഴ നനഞ്ഞ പുസ്തകങ്ങൾ, കവിതയും കടലും, കടലിലെ കവിതകൾ, സാഹിത്യത്തിൻറെ പരകോടികൾ, തുടങ്ങി ഗ്രൂപ്പുകൾ ഒന്നും നോക്കാതെ "സംഘാടകസമിതി" ഗ്രൂപ്പിൽ കയറി. സാഹിത്യ സംഘം പ്രൈ. ലിമിറ്റഡ് മികച്ച കവിതാ അവാർഡ് 2025 എന്ന് ഡിസ്ക്രിപ്ഷനിൽ തെളിഞ്ഞ് കാണാമായിരുന്നു. നിറയെ മെസ്സേജുകൾ ഉണ്ടായിരുന്നെങ്കിലും അവസാനത്തെ വോയിസ് കണ്ണിലുടക്കി. നേരത്തെ കേട്ട അതേ പെൺകുട്ടിയുടെ ശബ്ദം. സാഹിത്യകാരി അഞ്ജലി കുസ്രു. അവാർഡ് സമിതിയിലെ കണ്ണിലുണ്ണി. ആരുടെ കണ്ണിലാണ് ഉണ്ണി എന്നത് ഇപ്പോഴും ആർക്കും പിടികിട്ടാത്തൊരു ചോദ്യമായി അവശേഷിക്കുന്നു. രാജീവ് വോയിസ് പ്ലേ ചെയ്തു. '

*"പ്രിയപ്പെട്ട സംഘാടക സമിതി അംഗങ്ങളെ, നമ്മുടെ കവിത അവാർഡ് എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി നാളെയാണല്ലോ. ഇതുവരെ 72 എൻട്രികൾ വന്നിട്ടുണ്ട് ഒരു ലക്ഷത്തി ഏട്ടായിരം രൂപ രജിസ്ട്രേഷൻ ഫീസ് ലഭിച്ചിട്ടുണ്ട്. വിധി നിർണയത്തിലേക്കുള്ള ഒരുക്കങ്ങളിലേക്ക് കടക്കാം എന്ന് പ്രതീക്ഷിക്കുന്നു. എല്ലാ അംഗങ്ങളുടെയും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു."*

മറ്റു മെസ്സേജുകൾക്കോ വോയ്സുകൾക്കോ ലഭിക്കാത്ത പൂവും ലൈക്കും ലഭിച്ചത് കണ്ടു രാജീവ് മനസ്സിൽ പറഞ്ഞു
*"ഭയങ്കരി... നീ എൻറെ മാത്രം ഗസലല്ല, ഈ ഗ്രൂപ്പിലെ എല്ലാ നേതാക്കളുടെയും മോഹിനിയാട്ടത്തിന്റെ താക്കോൽ കൂടെയാണല്ലേ."*

ഗ്രൂപ്പിൽ നിറയെ സ്റ്റിക്കറുകളും ഇമോജികളും ആ വോയിസിനെ ചുറ്റിപ്പറ്റി മാത്രം തേനീച്ച കണക്കെ വന്നുകൊണ്ടിരുന്നു. പ്രായം 68 കഴിഞ്ഞ സുകുമാരൻ മാഷിൻറെ പകുതി മുറിഞ്ഞ ഒരു വോയിസ് വന്നതും ഗ്രൂപ്പിൽ ചിരി പടർന്നു.

“സുകുമാരൻ മാഷിന് മാറിപ്പോയതാണോ” എന്ന കമൻ്റിട്ടാണ് ഡോ :അഭിലാഷ് അതിനെ ട്രോളിയതെങ്കിലും സുകുമാരൻ ടൈപ്പിംഗ്......ടൈപ്പിംഗ്... എന്ന് കണ്ടതും എല്ലാവരിലും ഒരു ഭയം നിഴലിച്ചു . നല്ല അസ്സൽ ഒന്നാന്തരം സാഹിത്യമായിരിക്കും മറുപടി . ഒന്നുകിൽ കുമാരനാശാൻറെ ശ്ലോകം, അല്ലെങ്കിൽ കുഞ്ചൻ നമ്പ്യാരുടെ കവിത, അല്ലെങ്കിൽ കുഞ്ഞുണ്ണി മാഷിൻറെ ഫലിതം. ഇത് ഏതെങ്കിലും അല്ലാതിരിക്കാൻ ഒരു സാധ്യതയുമില്ല. ടൈപ്പിംഗ് തുടർന്നുകൊണ്ടേയിരുന്നു.

*“അഭിലാഷ്, അത് മാറിയതല്ല. ഈ ഗ്രൂപ്പിലും ഒരു തമാശയൊക്കെ വേണ്ടേ എന്ന് കരുതി അയച്ചതാണ്.”*

ടെക്സ്റ്റ് വായിച്ചതും അടിയിൽ ചിരി കിലോ കണക്കിന് തൂങ്ങി. പക്ഷെ, ചിരികൾക്കൊന്നും മൂക്കില്ലെന്നതായിരുന്നു അൽഭുതം. സംഘാടക സമിതിയിലെ പ്രധാനിയും ‘അനവധി അവാർഡുകളുടെ ഉടമ’ എന്ന നിലയിലും ഇനി തന്റെ റോൾ ആണെന്നും മറുപടി പറഞ്ഞില്ലെങ്കിൽ ശരിയാകില്ലെന്നും കരുതി രാജീവ് വോയിസ് മൈക്ക് ഓൺ ചെയ്തു.

*‘പ്രിയപ്പെട്ടവരെ,...*
*കഴിഞ്ഞദിവസം ചെറിയ ഒന്ന് രണ്ട് കവിതാ സമാഹാരം, സാഹിത്യ ക്യാമ്പ് ഉദ്ഘാടനം ആയതിനാൽ ഇവിടെ ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. നാളെ കഴിഞ്ഞാൽ നമുക്ക് വിധി നിർണയത്തിലേക്ക് കടക്കാം. 70ലധികം എൻട്രികൾ വന്നു എന്നത് തന്നെ അഭിമാനകരമാണ്.* അതിനാൽ......
ഒരു കോൾ വന്ന് വോയിസ് മുറിഞ്ഞു. വീണ്ടും വോയിസ് ഇടുന്നതിനിടയിൽ വീണ്ടും കോൾ വന്നു. നാശമെന്ന് പറഞ്ഞു ആരാണെന്ന് നോക്കിയപ്പോൾ ഒരു കവിത അയച്ചിരിക്കുന്നു. കൂടെ ഒരു ടെക്സ്റ്റ് മെസ്സേജ്.

*“സാർ ഞാനൊരു വളർന്നു വരുന്ന കുട്ടിയാണ്. എഴുത്തും വായനയും ഒക്കെ ഇഷ്ടമാണ്. എൻറെ പുതിയ കവിതയാണ്. ഒന്ന് തിരുത്തി എഡിറ്റ് ചെയ്ത് തരുമോ. സാറിൻറെ തിരുത്തൽ ഉണ്ടായാൽ ഈ കവിത ദൈവികമാവും എന്ന് വിശ്വാസമുണ്ട് “*

പ്രൊഫൈലിൽ കണ്ട ചുരുളൻമുടിയും നീലക്കണ്ണുകളുമുള്ളത് പെൺകുട്ടിയാണെന്ന് മനസ്സിലാക്കിയ രാജീവ് മറുപടി കൊടുത്തു.

*“തീർച്ചയായും ഞാൻ വൈകാതെ തന്നെ നോക്കാം.”*
കൂടെ ഹൃദയം പറിച്ച ഒരു സ്മൈലിയും. മറുതലക്കൽ പെൺകുട്ടിയാണല്ലോ. അതും “വളരാൻ ആഗ്രഹിക്കുന്ന”. പിന്നെങ്ങനെയാണ് ഹൃദയം പറിച്ചു നിൽക്കാതിരിക്കാൻ കഴിയുക. അതും സാഹിത്യത്തിൽ. എല്ലാം ദൈവ നിയോഗം ! രാജീവ് മനസിൽ പറഞ്ഞ്, മുറിഞ്ഞുപോയ വോയിസ് പൂർത്തിയാക്കി,
“അതിനാൽ...*നമ്മുടെ ഈ കൂട്ടായ്മയ്ക്ക് ലഭിക്കുന്ന അംഗീകാരം, മഹത്തായ സാഹിത്യപ്രവർത്തനം എത്രത്തോളം വളർന്നിരിക്കുന്നു എന്നത് എൻറെ ഹൃദയത്തെ കുളിരണിയിപ്പിക്കുന്നു. വിധിനിർണ്ണയത്തിന് ആരെയാണ് ഏൽപ്പിക്കുക എന്നതു കൂടെ തീരുമാനിക്കാം. എല്ലാവരും അഭിപ്രായം പറയൂ.”*

വോയിസ് ഗ്രൂപ്പിൽ വന്നതും അഭിലാഷിന് ചോദിക്കണമെന്ന് തോന്നിയിരുന്നു.
*“സാഹിത്യ ക്യാമ്പ്, കവിത പ്രകാശനം നിങ്ങളുടെ കുത്തകയാണോ അല്ലെങ്കിൽ ആരെയും കിട്ടാത്തതുകൊണ്ട് വിളിച്ചതാണോ?”*
ഉയർന്നുവന്ന ഈഗോയിസങ്ങളെല്ലാം വായിൽ ചുരുട്ടി കെട്ടി അഭിലാഷ് ഒരു ടെക്സ്റ്റ് മെസ്സേജ് ഇട്ടു.
*നകുലൻ സർ, സാഹിത്യപ്രവർത്ത കീസുമ ഇവരെല്ലാം ഉചിതമാണ്.*
അഭിലാഷിന്റെ അഭിപ്രായത്തെ സമിതി അംഗങ്ങളിലെ ഭൂരിഭാഗവും ശരിവെച്ചു. അപ്പോഴാണ് സുകുമാരൻ മാഷിൻറെ മുറിഞ്ഞ വോയിസ് വീണ്ടും വന്നത്. ആദ്യ വോയിസിൽ ഒരു സെക്കൻഡിൽ മാരൻ.... എന്ന് മാത്രം *എല്ലാവരും കേട്ടു. രണ്ടാമത്തെ വോയിസിലാണ് കാര്യം പിടികിട്ടിയത്.*
*“എൻറെ പേര് കൂടെ ചേർത്തോളൂ ഞാനും നോക്കാം. സുകുമാരൻ...! ”*
പലവിധേനയുള്ള അരിശങ്ങളും ദേഷ്യങ്ങളും എല്ലാവരുടെ മനസ്സിലും കടന്നുവന്നെങ്കിലും ആരും പുറത്തെടുത്തില്ല. സീനിയോറിറ്റിയുടെ തന്ത വൈബ് പോക്കറ്റിൽ ഇട്ടു നടക്കുന്ന ആളുകളെയെല്ലാം പരിഗണിക്കേണ്ടതിനാൽ തന്നെയും സാഹിത്യ പ്രമുഖന്റെ പേര് മനസ്സില്ലാ മനസ്സോടെ അഭിലാഷ് എഴുതി ചേർത്തു. അത് വായിക്കാൻ നിൽക്കാതെ രാജീവ് വേഗം തേർഡ് വാട്സപ്പ് ഓപ്പൺ ചെയ്തു. അതിൽ ആകെ 3 ചാറ്റുകൾ മാത്രം. മുകളിൽ “സംഘാടകസമിതി ” ഗ്രൂപ്പിൽ കയറി നേരത്തെ തയ്യാറാക്കിയ ടെക്സ്റ്റ് മെസ്സേജ് കോപ്പി ചെയ്ത് ഇട്ടു.

*“രാജീവ് സാറിനെ കൂടെ വിധി നിർണയ സമിതിയിൽ ഉൾപ്പെടുത്താം എന്നാണ് എൻറെ അഭിപ്രായം. ലോക കവിത അവാർഡ്, കുന്തിപ്പുഴ ഗ്രാമം അവാർഡ്, ശിശുക്ഷേമ കവിത അവാർഡ്, ജലലാപ സുമിത്ര മധു അവാർഡ്, മന്ത്രജലം തോട്ടുകര സമിതി അവാർഡ്, ലോലപ്പൻ ചിന്ത കവിത അവാർഡ്'ഇതെല്ലാം സാറിൻറെ ബഹുമതികളാണ്. അദ്ദേഹം കൂടെ സമിതിയിൽ ഉണ്ടാകുമ്പോൾ വിധി നിർണയത്തിൽ അപാകതകളൊന്നുമുണ്ടാവില്ല. ഗംഭീരമാകും”.*

*അൻപതോളം സമിതി അംഗങ്ങൾ ഉള്ളതിനാൽ ആരാണ് മെസ്സേജ് അയച്ചത് എന്ന് ആർക്കും മനസ്സിലായില്ല. വാട്സാപ്പിലെ പേര് മാത്രം എല്ലാവരും മനസിൽ വായിച്ചു. " പുസ്തക പ്രേമി ".*
ടെക്സ്റ്റ് മെസ്സേജ് അയച്ച് ഒറിജിനൽ വാട്സ്ആപ്പിൽ വീണ്ടും രാജീവ് കയറി. ഗ്രൂപ്പിൽ വന്ന ടെക്സ്റ്റിന് മറുപടി എഴുതിയിട്ടു.

*"ഈ വിനീതൻ വേണമെന്നില്ല, മറ്റുള്ളവരെല്ലാം ഉണ്ടല്ലോ അനുമതി."*

*"സർ നിൽക്കൂ.. നല്ലതല്ലേ. 2018ൽ സാഹിത്യകാരൻ കലേഷിന്റെ കവിത മാറി പ്രസിദ്ധീകരിച്ചത് ഒക്കെ വലിയ വിവാദം ഉണ്ടാക്കിയതല്ലേ, സാർ ആകുമ്പോൾ ലോകത്തുള്ള മുഴുവൻ കവിതകളും വായിച്ചു പരിചയം ഉള്ളതിനാൽ മൗലിക രചനകൾ അല്ലാത്തത് കണ്ടാൽ മനസ്സിലാകുമല്ലോ."*
സംഘാടക സമിതിയംഗം ദീപിക സുശാന്തിൻ്റെ മെസേജു കൂടിയായപ്പോൾ രാജീവിൻ്റെ ഹൃദയം കവിതകളുടെ കൊട്ടാരമായി. നിർബന്ധമാണെങ്കിൽ നിൽക്കാമെന്ന് പറഞ്ഞ് രാജീവ് വാട്സാപ്പിൽ നിന്നിറങ്ങി നെറ്റ് ഓഫ് ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞാണ് വിധിനിർണയത്തിനുള്ള ഫയലുകൾ വാട്സാപ്പിലേക്ക് അഞ്ജലി കുസ്രു അയച്ചത്. കൂടെ ഒരു വോയിസും.

*"മാഷേ... മത്സരത്തിനു വന്ന എൻട്രികൾ ഇവയാണ്. ഒഴിവുപോലെ നോക്കുമല്ലോ. മറ്റുള്ളവർക്കുമയിച്ചിട്ടുണ്ട്."*

തന്റെ ഒറിജിനൽ വാട്സ്ആപ്പ് നമ്പറിൽ വന്ന മെസ്സേജുകൾ ഓരോന്നായി കേട്ട ശേഷം 72 പി.ഡി .എഫുകളിൽ നിന്ന് ഉന്നം തെറ്റാതെ സ്വന്തം കവിത രാജീവ് ഓപ്പൺ ചെയ്തു നോക്കി. "കാട്ടുകള്ളൻ' കൊള്ളാം ...ആഹ്... ഗംഭീരം.
അഞ്ജലി കുസ്രുവിന് മറുപടി അയച്ചു,

*" 72 കവിതകൾ നോക്കി തീർക്കുക എന്നത് ശ്രമകരമാണ്. എങ്കിലും ഈ ഒരു വിഷയത്തിൽ ആത്മാർത്ഥമായി ഞാൻ ഇടപെടും. കഴിവതും വേഗത്തിൽ തന്നെ നോക്കി തീർക്കാം. സന്തോഷം."*

പിറ്റേന്ന് രാജീവ് 'വിധികർത്താക്കൾ 2025" എന്ന ഗ്രൂപ്പ് ക്രിയേറ്റ് ചെയ്തു. അതിൽ നകുലൻ സർ, സാഹിത്യപ്രവർത്ത കീസുമ, സുകുമാരൻ സർ എന്നിവരെയും മറ്റു ചിലരെയും ആഡ് ചെയ്തു. ഒരു മെസ്സേജ് അയച്ചു.
*"എല്ലാവരും വിധി നിർണ്ണയം കഴിഞ്ഞിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു അഭിപ്രായങ്ങൾ പങ്കുവെക്കുമല്ലോ. "*
കീസുമ പറഞ്ഞു: "മഴ തോരാ നേരത്ത്" മികച്ച കവിതയാണ്. സുകുമാരൻ മാഷ് പാതിമുറിഞ്ഞ വോയിസിൽ "രാക്കുയിൽ പാടിയ ഗീതം", "ബാലകാല മരണങ്ങൾ" നന്നായിട്ടുണ്ട് എന്ന് അഭിപ്രായപ്പെട്ടു. മറ്റുള്ളവർ "പളുങ്കു പുഴയിലെ നീലത്തിമിംഗലവും" "അച്ചാറിലെ റോസാപ്പൂവും" പറഞ്ഞു.
*"സാറിന് ഏതാണ് തോന്നിയത്?"*
കീസുമയുടെ ചോദ്യത്തിന് ഒരു മിനിറ്റ് 40 സെക്കൻഡ് ഉള്ള വോയിസിൽ രാജീവ് മറുപടി നൽകി.

*"എല്ലാ കവിതകളും ഗംഭീരമാണ്. പക്ഷേ വടിവൊത്ത മികവൊത്ത, ശൃംഗാരം മേളിച്ച ഒന്നാന്തരം കവിതയായത് "കാട്ടുകള്ളന്റെ ലീലാവിലാസങ്ങൾ " ആണ്. അതിൻറെ ആവിഷ്കാരം, തന്മയത്വം, ശോഭ എല്ലാം മെച്ചം. ധ്രുതംഗ പുളകിതമാകുന്നു വായിക്കുമ്പോൾ തന്നെ. ആ എഴുതിയ ആൾ എന്തായാലും ഒരു ധന്യമാക്കപ്പെട്ട കലാകാരനാണ്. കഴിവുകൾ അപാരം."*
ലോകത്തെ സർവ്വ അവാർഡുകളും കരസ്ഥമാക്കിയ രാജീവ് ഇത്തരമൊരു അഭിപ്രായം പങ്കുവെച്ചതിൽ ഇനി മറ്റൊരു അഭിപ്രായമില്ല എന്നതിനാൽ തന്നെയും എല്ലാവരും അതിനെ ശരിവെച്ചു. എന്നാലും കീസുമയുടെ മനസ്സിൽ "കവിതയുടെ ശൃംഗാരം ഉണ്ടാകുമോ' എന്ന് ചോദിക്കണമെന്ന് തോന്നിയിരുന്നു. പക്ഷേ ചോദിച്ചാൽ അഥവാ പൊട്ടത്തരം ആകുമോ എന്ന് തോന്നിയപ്പോൾ ചോദ്യം വേണ്ടെന്ന് വെച്ചു. അല്ലെങ്കിലും സാഹിത്യപ്രവർത്തനത്തിൽ അങ്ങനെയും ഉണ്ടല്ലോ. അറിയുന്നത് നീട്ടി വലിച്ചു പറയുകയും അറിയാത്തതിനോടൊപ്പം കൂടെ ചേർന്ന് മൂക്കിയും മൂളിയും ലൈക്ക് അടിച്ചും ചേരുന്ന മഹത്തായ ഐക്യപ്പെടലുകൾ.
രാജീവ് ഒറിജിനൽ വാട്സ്ആപ്പിൽ നിന്നിറങ്ങി നേരത്തെ മെസ്സേജ് അയച്ചിരുന്ന പെൺകുട്ടിക്ക് കോൾ ചെയ്തു. കുട്ടിയുടെ കവിത ഞാൻ വായിച്ചിട്ടുണ്ട്. നല്ല കവിതയാണ്. എനിക്ക് കഴിയുമെങ്കിൽ ഒരു ഉപകാരം ചെയ്യുമോ?
*എന്താണ് സർ, പറയൂ.*

*"എന്റെ കൂട്ടുകാരന് സാഹിത്യ സംഘം പ്രൈ. ലിമിറ്റഡ് മിക കവിതാ അവാർഡ് 2025 ലഭിച്ചിട്ടുണ്ട്.*

*അവനാണെങ്കിൽ വിദേശത്താണ്. വാങ്ങാൻ എന്നെ ഏൽപ്പിച്ചിരുന്നു.*

*എനിക്കാണെങ്കിൽ "വയലോൽ ഗ്രാമത്തിലെ സാഹിത്യ ക്യാമ്പ്", 'നാടക കസേരകളിലെ നടപ്പിരുത്തം" തുടങ്ങിയ ഒരുപാട് പ്രോഗ്രാമുകൾ ഉള്ളതിനാൽ അത് വാങ്ങാൻ കഴിയുകയില്ല. മോൾക്കാണെങ്കിൽ ആ ഒരു പരിപാടിയിൽ പങ്കെടുക്കുകയും സാഹിത്യത്തിൻറെ വളർച്ചയെ നിരീക്ഷിക്കാനും അദ്ദേഹത്തിന് വേണ്ടി അവാർഡ് കൈപ്പറ്റാനും കഴിയുമല്ലോ.*

*ഒന്ന് സഹായിക്കുമോ."*

ജീവിതത്തിലെ നശ്വരവും മഹത്തായ ഒരു അവസരവും ലഭിച്ചതിൽ ആ പെൺകുട്ടിക്ക് ഏറെ സന്തോഷം തോന്നിയിട്ടുണ്ട് എന്നതിനെ പ്രതിഫലിപ്പിക്കുന്നതായിരുന്നു മറുപടി.

*"അതിനെന്താണ് സാർ. എനിക്ക് സന്തോഷം മാത്രമേയുള്ളൂ.*

*സാറിനു വേണ്ടി എന്ത് കാര്യവും ചെയ്യാൻ ഞാൻ തയ്യാറാണ്."*

രാജീവ് വിശദമായിത്തന്നെ, എങ്ങനെ അവാർഡ് വാങ്ങണമെന്നും പറഞ്ഞുകൊടുത്തു.

"പ്രത്യേകിച്ച് *ഞാനുമായി ബന്ധമുള്ള കാര്യം ഒന്നും പറയേണ്ടതില്ല. കാരണം ഞാൻ സംഘാടകസമിതിയിൽ ഉള്ളതുകൊണ്ടുതന്നെ നമ്മൾക്കിടയിൽ ബന്ധമുണ്ടെന്നൊക്കെ പറഞ്ഞാൽ അത് പിന്നീട് പക്ഷപാതിത്വം ഉണ്ടായി എന്നൊക്കെ കരക്കമ്പി വരേണ്ടതില്ലല്ലോ. ജീവിതത്തിൽ വ്യക്തിശുദ്ധി വളരെ സൂക്ഷിയ്ക്കുന്ന ആളാണ് ഞാൻ. അതുകൊണ്ട് ഇത് മകളുടെ ജീവിതത്തിലെ വലിയ ഒരു തുടക്കമാവട്ടെ എന്ന് ആശംസിക്കുന്നു".*

അവാർഡ് ദിനം വന്നെത്തി. ഗംഭീര സംഘാടനം. പ്രസംഗത്തിലുടനീളം "സുകുമാരൻ മാഷ് കാട്ടുകള്ളന്റെ ലീലാവിലാസങ്ങളുടെ മാധുര്യം വിളിച്ചുപറഞ്ഞു കൊണ്ടേയിരുന്നു. 50000 രൂപ അർഹതപ്പെട്ട കരങ്ങളിലേക്ക് തന്നെയാണ് ഞങ്ങൾ നൽകുന്നതെന്ന് "ശാരീരിക പ്രയാസങ്ങളാൽ പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതിരുന്ന രാജീവ് മാഷിൻറെ അഭാവത്തിൽ" ഡോ:അഭിലാഷും പറഞ്ഞു.

പരിപാടി കഴിയാൻ സമയമായി എന്ന് മനസ്സിലാക്കിയ രാജീവ് ഏൽപ്പിച്ച കുട്ടിയെ വിളിച്ചു.

*"മാഷേ പരിപാടി വളരെ ഗംഭീരമായിരുന്നു. എൻറെ കയ്യിൽ അവർ ഫലകവും പൈസയും ഏൽപ്പിച്ചിട്ടുണ്ട്. എന്താണ്ചെയ്യേണ്ടത്?"*

*എൻറെ വീട്ടിൽ കൊടുത്തോളൂ. ഞാൻ വാങ്ങിക്കോളാം. റീഡിങ് സ്ട്രീറ്റിലെ നാലാമത്തെ വീട്.*

ഫോൺ കട്ടായതും രാജീവ് റൂമിലേക്ക് ഭാര്യയെ വിളിച്ചു.

*"എനിക്ക് ലഭിച്ച ഒരു സാഹിത്യ അവാർഡ് എൻറെ ഒരു ശിഷ്യ കൊണ്ടുവരുന്നുണ്ട്. അതൊന്നു വാങ്ങി വെക്കണം. പൈസയും ഉണ്ട്. അവൾക്ക് ഒരു 1000 രൂപ കൊടുത്തേക്കണം. സാറ് പ്രത്യേകമായി ഏൽപ്പിച്ചതാണെന്ന് പറഞ്ഞാൽ മതി. ഞാനിവിടെ ഉണ്ട് എന്നറിഞ്ഞാൽ അവൾക്ക് പിന്നെ ഓട്ടോഗ്രാഫ് വേണ്ടിവരും ഫോട്ടോ എടുക്കേണ്ടിവരും. നിനക്കറിയുന്നതല്ലേ അങ്ങനെ കൂടുതൽ ഫോട്ടോ എടുക്കാനോ മറ്റു കാര്യങ്ങൾക്കൊന്നും ഞാൻ ഇറങ്ങാറില്ല എന്നുള്ളത്."*

വിശാലമായ സംസാരം കേട്ട് ഭാര്യക്ക് ഒരു തരിപോലും സംശയം തോന്നിയില്ലെങ്കിലും ഭർത്താവിൻറെ ശ്വാസനകളെ അപ്രകാരം അനുസരിച്ച് 'ശരി രാജാവേ" എന്ന് പറഞ്ഞ് മടങ്ങി.

രാജീവ് ഫോണെടുത്ത് സെക്കൻഡ് വാട്സാപ്പ് തുറന്ന് സംഘാടക സമിതിക്ക് ഹൃദയം നിറഞ്ഞ നന്ദി അയച്ചു.

*"ഈയൊരു പ്രോഗ്രാമിൽ പങ്കെടുക്കാനായത് അഭിമാന നിമിഷമാണ്. ഈ ഒരു തുകക്ക് എൻറെ ജീവിതത്തിൻറെ വിലയുണ്ട്. ഈ അംഗീകാരങ്ങൾക്ക് ഞാൻ അർഹനല്ലെന്ന് അറിയാം.. വിദേശത്തായതിനാൽ എൻറെ അനിയത്തിയെ പറഞ്ഞയച്ചിരുന്നു. അവൾ ഫോട്ടോ അയച്ചു തന്നിരുന്നു. ഹൃദയം നിറഞ്ഞ നന്ദി. എന്ന്, സുമിത്ത് മിൻ "*. ശേഷം കരച്ചിലിന്റെ മൂന്ന് ഇമോജിയും വിട്ട് ഫോൺ ഓഫ് ചെയ്ത് രാജീവ് ഉറങ്ങാൻ കിടന്നു.

ഉറങ്ങി എഴുന്നേറ്റ്, മേശപ്പുറത്ത് ഇരിക്കുന്ന കവർ കണ്ടപ്പോൾ അയാളുടെ മനസ് കവിതകൾക്കു പകരം "കാട്ടുകള്ളന്റെ ലീലാവിലാസങ്ങൾ" എന്ന് ഊറിച്ചിരിച്ച് പറഞ്ഞു. അരമുണ്ട് മുറുക്കിയുടുത്ത് പൈസ കവർ തുറക്കുന്നതിനിടയിൽ ഫോണിൽ തുരുതുരാ മെസ്സേജുകൾ വരുന്നത് കണ്ടു. ഫോൺ എടുത്തു നോക്കിയപ്പോൾ 20 മിസ്സ്കോൾ. പ്രൈവറ്റ് ലിമിറ്റഡ് സമിതിയിലെ അംഗങ്ങളുടെ കോളാണ്. വാട്സ്ആപ്പ് ഓപ്പൺ ചെയ്തപ്പോൾ മെസ്സേജുകൾ കുന്നു കൂടി കിടക്കുന്നു. വോയിസ് കോളുകളും ഒരുപാട്.

ഞെട്ടി വിറച്ചു പോയി.

സെക്കൻഡ് വാട്സപ്പ് ആണെന്ന് കരുതി അയച്ച മെസ്സേജുകൾ എല്ലാം ഒറിജിനൽ വാട്സ്ആപ്പിൽ ആയി പോയിരിക്കുന്നു...!

ധൃതിപ്പെട്ട് ഡിലീറ്റ് ഫ്രം എവരി വൺ അടിച്ചത് ഫ്രം മീ ആയിപ്പോയി. രാജീവിൻ്റെ ഹൃദയത്തിൻറെ ഇടയിലൂടെ ആവി പറക്കുകയും ചെവിയിൽ തീവണ്ടി പാളം പോലെയും അനുഭവപ്പെട്ടു. അതൊരു കവിത എന്നോണം അയാളെ ചുറ്റിപ്പറ്റി സാന്ദ്രമായി കറങ്ങിക്കൊണ്ടിരുന്നു.

ദിവസങ്ങൾക്കു മുൻപ് തുറന്ന സെക്കൻഡ് വാട്സപ്പ് രാജീവ് ഓപ്പൺ ചെയ്തു. അഞ്ജലി കുസ്രുവിൻ്റെ മെസ്സേജ് മൂന്നെണ്ണം വന്നു കിടക്കുന്നുണ്ട്. എന്തായിരിക്കും എന്ന് ആശങ്കയിൽ പ്ലേ ചെയ്തു.

*"സർ ഈ കാട്ടു കള്ളൻ നിങ്ങളുടേതായിരുന്നു ? അല്ല സാർ തന്നെയാണോ ഈ കാട്ടു കള്ളൻ…!! ?*

അയാളുടെ ഹൃദയത്തിലൂടെ ഒരു പാസഞ്ചർ അതിവേഗം കടന്നുപോയി. തൊട്ടു താഴെ പുതിയൊരു നമ്പറിൽ വന്ന ന്യൂസ് ലിങ്ക് രാജീവ് ക്ലിക്ക് ചെയ്തു. പ്രമുഖ ചാനലിന്റെ വാർത്ത വെണ്ടക്ക അക്ഷരത്തിൽ,

*"കാട്ടുകള്ളൻ്റെ ലീലാവിലാസങ്ങൾക്ക്" 2025 സാഹിത്യ സംഘം പ്രൈവറ്റ് ലിമിറ്റഡ് അവാർഡ്. 50000 രൂപയും ഫലകവും സമ്മാനം.*

കാലിന്റെ അടിയിൽനിന്ന് ഇരച്ചു കയറിയ മിന്നൽ പിണറുകൾ ശരീരത്തിന്റെ ഏതെല്ലാം മൂലകളിലേക്ക് കയറിപ്പോയി എന്നറിയാൻ രാജീവ് ഒരല്പം നേരമെടുത്തു. വയറു വീർത്തു ഉടുപ്പ് അഴിഞ്ഞു പോകുന്നത് പോലും അയാൾ അറിഞ്ഞില്ല. ശരീരത്തിൽ നിന്ന് അനേകം കിളികൾ പറന്നു പോകുന്നത് രാജീവ് കണ്ണിൽ കണ്ടു. മേശപ്പുറത്ത് വെച്ചിരുന്ന കവറെടുത്ത് ലഭിച്ച പൈസ എണ്ണി നോക്കാൻ രാജീവ് ധൃതിപ്പെട്ട് തുറന്നു. ഉള്ളിൽ മടക്കി ചുരുട്ടി വെച്ച ഒരു കടലാസ് !

*'സർ, ഈ ലോകം കരുണയുടേതാണ്.*
*കരുണയാണല്ലോ ജീവിതത്തിൽ ഏറ്റവും വലിയ അനുഗ്രഹം.*
*എന്നോട് ഒന്നും തോന്നരുത്. ഈ പൈസ ഞാൻ എടുക്കുന്നു.*
*സാർ വിക്ടർ ഹ്യൂഗോയുടെ "പാവങ്ങൾ" വായിച്ചിട്ടുണ്ടാവുമല്ലോ.*
*അതിലെ ഫാദർ മെഥലിൻ സർ ആണെന്നും ഞാൻ പ്രതീക്ഷിക്കുന്നു.*
*എനിക്കിനി 'സ്വർണത്തിന്റെ മെഴുകുതിരി' തന്ന് ഇനിയും സന്തോഷിപ്പിക്കേണ്ടതില്ല. ഇതുതന്നെ ധാരാളം.*
*എന്ന് സ്വന്തം, സാഹിത്യലോകത്തെ, അങ്ങയുടെ വളർന്നുവരുന്ന ആരാധിക."*

എഴുത്തു വായിച്ച് തീർന്നപ്പോൾ മേശമേൽ ഇരിക്കുന്ന ഇരുമ്പും ചെമ്പും ചേർത്ത് പിച്ചളമരത്തിൽ തീർത്ത കാവ്യശിലകം തന്നെ നോക്കി ചിരിക്കുന്നതായി അയാൾക്ക് തോന്നി.

…………………………………………………………………………………………………………………………